ഉത്തരം

(എ ആന്റ് ബി) പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ പെരുനാട് വില്ലേജിലെ ളാഹ-രാജാമ്പാറ കോളനിയിൽ തമാസിക്കുന്നവരുടെ യഥാർത്ഥ ജാതിയെ സംബന്ധിച്ച് സംശയം ഉള്ളതിനാൽ അന്വേഷണം നടത്തണമെന്ന് റാന്നി തഹസിൽദാർ കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. ജാതി സംബന്ധിച്ച് അന്വേഷണം നടത്തുന്നത് കിർത്താഡ്സിലെ നരവംശശാസ്ത്ര വിഭാഗം ഉദ്യോഗസ്ഥരാണ്. ഈ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥൻ പ്രസ്തുത പ്രദേശങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

(ഡി) മുൻഗണനാ ക്രമമനുസരിച്ച് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ ആന്റ് എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ മലപണ്ടാരം സമുദായത്തിൽപ്പെട്ടവരാണെന്ന് അവകാശം ഉന്നയിച്ചവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾക്ക് വസ്തുത ബോധ്യപ്പെടാത്തതിനാൽ ജാതി സർട്ടിഫിക്കറ്റുകളും അതുവഴിയുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. കിർത്താഡ്സ് നടത്തുന്ന അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

വേട്ടുവരെ പട്ടികവർഗ്ഗക്കാരായി അംഗീകരിക്കാൻ നടപടി

154 [1962] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ വേട്ടുവരെ മലവേട്ടുവരായി അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്താണെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച കിർത്താഡ്സ് റിപ്പോർട്ടുകളോ ശുപാർശകളോ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ജില്ലകളിലെ വേട്ടുവർ ഇതേവരെ പട്ടികവർഗ്ഗ സമുദായമെന്ന സർട്ടിഫിക്കറ്റുകൾ ലഭിച്ച് ആനുകൂല്യങ്ങൾ കൈപ്പറ്റിയവരാണെന്നിരിക്കെ അത് നിഷേധിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയുടെ എന്തെങ്കിലും ഉത്തരവ് പ്രാബല്യത്തിലുണ്ടോ;

(ഇ) മറ്റ് പട്ടികവർഗ്ഗ സമുദായങ്ങൾക്ക് തുല്യമായ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കാസറഗോഡ്-കണ്ണൂർ ജില്ലകളിലെ വേട്ടുവരെ മലവേട്ടുവരായി അംഗീകരിക്കാനോ പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെടുത്താനോ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ 2002-ലെ ഭരണഘടനാ ഭേദഗതി (പട്ടികജാതി) നിയമം അനുസരിച്ച് കേരളത്തിലൊട്ടാകെയുള്ള വേട്ടുവർ പട്ടികജാതിയിൽ ഉൾപ്പെടുന്നു. കേന്ദ്ര സർക്കാരിന്റെ 2003-ലെ ഭരണഘടനാ ഭേദഗതി (പട്ടികവർഗ്ഗം) നിയമം അനുസരിച്ച് കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മാത്രം വസിക്കുന്ന മലവേട്ടുവർ സമുദായക്കാരെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ, മുകളിൽ പ്രസ്താവിച്ച രണ്ടു ഭേദഗതി നിയമങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടെയും പുതുക്കിയ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് ഇതിനകം അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) വിവിധ സമുദായങ്ങളേയും ജാതികളേയും കുറിച്ച് നരവംശ ശാസ്ത്രാധിഷ്ഠിതമായ പഠനം നടത്തുന്ന അംഗീകൃത ഏജൻസിയാണ് കിർത്താഡ്സ്. കേരളത്തിലെ വേട്ടുവരെയും മലവേട്ടുവരെയും സംബന്ധിച്ചും കിർത്താഡ്സ് പഠനങ്ങൾ നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് പട്ടികയിൽ ഉൾപ്പെടുത്തൽ/ഒഴിവാക്കൽ പ്രക്രിയയിൽ വരുന്നതുകൊണ്ട് രഹസ്യ സ്വഭാവമുള്ളതാണ്. അതുകൊണ്ട് പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(സി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വേട്ടുവർക്ക് പട്ടികജാതി എന്ന നിലയിലും മലവേട്ടുവർക്ക് പട്ടികവർഗ്ഗം എന്ന നിലയിലും സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏതെങ്കിലും കേസ്സുകളിൽ സംശയം ഉണ്ടായാൽ റവന്യൂ അധികാരികൾക്ക് കിർത്താഡ്സിനോട് അഭിപ്രായം ആരായുന്നതിന് 1996-ലെ ആക്ട് 11-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ (മലവേട്ടുവൻ) സമുദായത്തെ സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ ഉത്തരവുകൾ ഒന്നും പ്രാബല്യത്തിലില്ല.

(ഇ) കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ വേട്ടുവ സമുദായവും മലവേട്ടുവ സമുദായവും രണ്ട് വിഭിന്ന സമുദായങ്ങളാണ്. വേട്ടുവ സമുദായം പട്ടികജാതിയിലും, മലവേട്ടുവ സമുദായം പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നു. 1976-നുശേഷം കേന്ദ്ര സർക്കാരിന്റെ ഭരണഘടനാ ഭേദഗതി നിയമങ്ങൾ ഈയടുത്ത കാലത്താണ് നിലവിൽ വന്നത്.

LIBRARY ARCHIVES Kerala Legislative Assembly